# ദമ്പതികൾക്ക് തങ്കപ്പുതയൽ

# സ്വർണഭ്രാന്ത് വളർത്താൻ ത്രീറോസസ് പദ്ധതി

ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടാൻ സൗജന്യങ്ങൾ നൽകുക എന്നത് ഇന്ന് പുതുമയില്ലാത്ത വിപണനതന്ത്രമായി മാറിക്കഴിഞ്ഞു. സമ്മാനങ്ങൾ നൽകുക എന്നതും സാധാരണമാണ്. എന്നാൽ സ്വർണം വാരിയെടുക്കാൻ ഉപഭോക്താവിനെ പ്രലോഭിപ്പിക്കുന്നതോ? അതും കേവലം തേയിലയിലൂടെ?

'മാതൃകാദമ്പതികൾക്ക് തങ്കപ്പുതയൽ' എന്ന സമ്മാനപദ്ധതിയുമായി രംഗത്തെത്തിയിട്ടുള്ള ഹിന്ദുസ്ഥാൻ ലിവർ മനുഷ്യന്റെ സ്വർണഭ്രാന്തിന്മേലാണ് ഇപ്പോൾ കൈവച്ചിട്ടുള്ളത്. ഒരു മിനിറ്റുകൊണ്ട് കഴിയുന്നത്ര സ്വർണം വാരിയെടുത്ത് വീട്ടിലേക്കു പോകാം എന്നതാണ് അവരുടെ പുതിയ സൗജന്യം!

'ചായ കുടിച്ച് സ്വർണം നേടൂ' എന്ന മുദ്രാവാക്യവുമായി ബ്രൂക്ക് ബോണ്ട് ത്രീറോസസ് ചായയാണ് വിപണിയിലെത്തുന്നത്. ത്രീറോസസിന്റെ 500ഗ്രാം, 250ഗ്രാം, 100ഗ്രാം പാക്കറ്റ് വാങ്ങുന്ന ദമ്പതികൾക്കാണ് പദ്ധതി. ഒന്നാം സമ്മാനം രേഖപ്പെടുത്തിയ പത്തു കൂപ്പണുകളാണ് രംഗത്തുള്ളത്. കൂപ്പൺ ലഭിക്കുന്ന പത്തു ദമ്പതികളേയും ചെന്നൈയിലെ ജി.ആർ. തങ്കമാളികൈ ഷോറൂമിലേക്ക് ആനയിക്കും. അവിടെനിന്നും ഒരു മിനിറ്റു സമയത്തിനുള്ളിൽ തങ്ങളുടെ കഴിവനുസരിച്ച് കഴിയുന്നത്ര സ്വർണം ദമ്പതികൾക്ക് വാരിയെടുക്കാം! ഇതുകൂടാതെ രണ്ട്, മൂന്ന് സമ്മാനങ്ങളും ഡിസ്കൗണ്ട് ലഭിക്കുന്ന കൂപ്പണുകളുമുണ്ട്.

ആന്ധ്രാപ്രദേശ്, കർണാടക, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ മൂന്നു മാസത്തേക്കാണ് സമ്മാനപദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. സുരക്ഷിതത്വത്തിന്റേയും അഭിവൃദ്ധിയുടെയും പര്യായമായി ഭാരതീയർ സ്വർണത്തെ കണക്കാക്കുന്നതിനാലാണ് ഇത്തരമൊരു സമ്മാനപദ്ധതി ആവിഷ്കരിക്കുന്നതെന്നാണ് ഹിന്ദുസ്ഥാൻ ലിവർ വിശദീകരിക്കുന്നത്.



എന്നാൽ സ്വർണത്തോടുള്ള മനുഷ്യന്റെ ഭ്രമത്തെ ഭ്രാന്താക്കി മാറ്റുകയാണ് ഇവിടെ ചെയ്യുന്നത് എന്നതാണ് യാഥാർത്ഥ്യം. നിശ്ചിത സമ്മാനം കൈപ്പറ്റുക എന്നതിൽ നിന്നും സ്വർണക്കടയിൽ സൂക്ഷിച്ചിട്ടുള്ള സ്വർണക്കൂമ്പാരം തന്റെ പോക്കറ്റിൽ വാരിനിറക്കുക എന്ന മതിവരാവാഗ്ദാനമാണല്ലോ കമ്പനി മുന്നോട്ടുവക്കുന്നത്. ഒരു മിനിറ്റു സമയമാണ് നൽകുന്നത് എന്നതിനാൽ വാരിയെടുക്കൽ അക്ഷരാർത്ഥത്തിൽ തന്നെ ഭ്രാന്തമായിരിക്കുമെന്നുറപ്പ്. അതോടൊപ്പം പത്തു ദമ്പതികളെയാണ് 'മത്സര'ത്തിന് ക്ഷണിക്കുന്നത് എന്നതിനാൽ ഭ്രാന്ത് മൂർച്ഛിക്കാതിരിക്കാൻ തരമില്ല. ഒരുതരം ഉന്മാദലഹരിയോടെ ഇരുപതുപേർ സ്വർണത്തിളക്കത്തിനു പിന്നാലെ പായുന്ന കാഴ്ചയായിരിക്കും സ്വർണക്കടയിൽ ദൃശ്യമാകാൻ പോകുന്നത്.

സമ്മാനാർഹരും സമ്മാനം ലഭിക്കാത്തവരും ഒരുപോലെ അസംതൃപ്തരായി മാറും എന്നതും ഈ പദ്ധതിയുടെ മറുവശമാണ്. ഒരു മിനിറ്റുകൊണ്ട് വാരിയെടുത്ത് കുത്തിനിറച്ചു കഴിയുമ്പോഴും 'കുറച്ചു കൂടി വേഗത്തിലാകാമായിരുന്നു' എന്ന മനോഭാവമായിരിക്കുമല്ലോ ദമ്പതികൾക്കുള്ളിലുണ്ടാകുക. അല്പം കൂടി വാരാമായിരുന്നു എന്ന തോന്നൽ ബാക്കി നിൽക്കുമെന്ന് തീർച്ച. സമ്മാനം ലഭിക്കാതെ കണ്ടുനിൽക്കുന്നവരാകട്ടെ, ദമ്പതികളോട് അസൂയാലുക്കളാകുമെന്നും ഉറപ്പ്.

ചുരുക്കത്തിൽ, മനുഷ്യനെ ആർത്തിപ്പണ്ടാരങ്ങളാക്കി തീർക്കുന്ന അവസ്ഥയാണ് ത്രീറോസസ് സമ്മാനപദ്ധതി ഉണ്ടാക്കിയെടുക്കാൻ പോകുന്നത്. പെണ്ണിനുവേണ്ട അനിവാര്യഘടകം പൊന്നാണ് എന്ന വികലചിന്തയുടെ നികൃഷ്ടമായ പൂർണതയാണ് ഇതുവഴി സംഭവിക്കുന്നത്. ജ്വല്ലറികളിൽ വെട്ടിത്തിളങ്ങുന്ന തങ്കക്കട്ടികൾ 'തട്ടിയെടുക്കുക' എന്ന സ്വപ്നസാക്ഷാത്കാരമായിരിക്കും ഉപഭോക്താവിന് ലഭിക്കുന്നത്. സമ്മാനാർഹരായില്ലെങ്കിലും ആ പ്രത്യാശ ഉള്ളിൽ തന്നെയുണ്ടാകുമല്ലോ.

ചായകുടിച്ച് ശരീരം ദുഷിപ്പിക്കുന്നു എന്നതിനോടൊപ്പം ആർത്തിപൂണ്ട് മനസ്സും ദുഷിപ്പിക്കുന്നു എന്നത് സൗകര്യപൂർവ്വം മറന്ന് ഉപഭോക്താക്കൾ ത്രീറോസസിനായി തിക്കിത്തിരക്കുന്ന നിമിഷത്തിനായി കാത്തിരിക്കുകയാണ് ഹിന്ദുസ്ഥാൻ ലിവർ. അപ്പോഴും അവർ പറയാൻ മറക്കുന്നില്ല: 'ഉപഭോക്താക്കളുടെ പണത്തിന് മികച്ച മൂല്യം നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.' എത്ര ഉദാരമനസ്കർ!